പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7678 15.07.2014 ൽ മറുപടിക്ക്

## പുതിയ വിമാനത്താവളങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ; | (എ) | കേരളത്തിന്റെ ഭൂവിസ്തൃതിയും നിലവിലുള്ള റോഡ് റെയിൽ ഗതാഗത സൗകര്യങ്ങൾ ആവശ്യാനുസരണം ഇനിയും വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലദൗർലഭ്യവും, ഭീമമായ സ്ഥല വിലയും ഉൾപ്പെടെയുള്ള പരിമിതികൾ കണക്കിലെടുത്തും രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി ഉദ്ദേശിക്കുന്ന വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന്റെ ഉള്ളിൽ ആകാശ മാർഗ്ഗേന കൂടുതൽ ഗതാഗത സൗകര്യം ഏർപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനനുസൃതമായും ആകാശമാർഗ്ഗേന സംസ്ഥാനത്തിനകത്തും പുറത്തേക്കും കൂടുതൽ വിമാനസർവ്വീസ് ഏർപ്പെടുത്തുന്നതിന് പുതിയ വിമാനത്താവളങ്ങൾ, എയർസ്ട്രിപ്പുകൾ, സ്ഥിരമായ ഹെലിപോർട്ടുകൾ എന്നിവ നിർമ്മിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം 2015 ഡിസംബറിൽ പരീക്ഷണപ്പറക്കൽ നടത്താൻ ലക്ഷ്യമിട്ട് |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും എയർസ്ട്രിപ്പുകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചുവെങ്കിലും ഒരു വിമാനത്താവളത്തിന് ആവശ്യമായ 300 മുതൽ 500 വരെ ഏക്കർ ഭൂമി ജില്ലകളുടെ ഹൃദയഭാഗത്ത് തന്നെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഏകദേശം മൂന്ന് മുതൽ അഞ്ച് ഏക്കർ വരെ മാത്രം ഭൂമി ആവശ്യമുള്ള സ്ഥിരം ഹെലിപോർട്ടുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (ബി) | ആറന്മുള വിമാനത്താവള പദ്ധതി നിർദ്ദേശം പരിഗണിക്കുന്ന സമയത്ത് സർക്കാർ വേണ്ടത്ര പഠനങ്ങൾ നടത്തിയിരുന്നോയെന്ന് വെളിപ്പെടുത്തുമോ? | (ബി) | വ്യവസായ വകുപ്പിൽ നിന്നും ജി.ഒ (ആർ.റ്റി) നം. 1262/10/വ്യവ, തീയതി 08.09.2010 പ്രകാരം ആറന്മുള വിമാനത്താവള പദ്ധതിക്ക് നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനായി പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ